# സ്വഹാബികളെ പിന്തുടരുക:

## അവർ സ്വർഗാവകാശികളെന്ന് സന്തോഷ വാർത്ത ലഭിച്ചവർ


ശൈഖ് മുഹമ്മദ് സ്വലാഹ് മുഹമ്മദ് അസ്സ്വാവി

വിവ. കബീർ എം. പറളി


യഥാർഥ വിശ്വാസികളും, സൽകർമ്മികളുമായി നിലകൊണ്ട പ്രവാചക സ്വഹാബത്തിന്ന് ഭൗതിക നേട്ടങ്ങൾ മാത്രമല്ല പടച്ച തമ്പുരാൻ വാഗ്ദാനം ചെയ്തിട്ടുള്ളത്. മരണാനന്തരം മഹനീയമായൊരു പര്യവസാനമാണ് അല്ലാഹു അവർക്കായി കരുതിവെച്ചിട്ടുള്ളത്. ജീവിതത്തിലെ വീഴ്ചകൾക്ക് പാപമോചനവും, തന്നിൽ നിന്നുള്ള സമ്പൂർണ്ണമായ തൃപ്തിയും, സ്വർഗത്തിൽ മതിയായ പ്രതിഫലവും അവൻ അവർക്കായി തയ്യാർ ചെയ്തു വെച്ചിട്ടുണ്ട്. ഈ പ്രസ്താവനക്ക് ഖുർആൻ സാക്ഷിയാണ്. അല്ലാഹു പറഞ്ഞു:

﴿والسابِقُونَ الْأولُونَ من الْمهاجِرِين والْأنصارِ والذين اتبعوهم بِإحسان رضي الله عنهم ورضوا عنه وأعد لَهم جنات تجرِي تحتها الْأنهار خالدين فيها أبدا ذَلك الْفَوز الْعظيم﴾ (التوبة: 100)

മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം. (തൗബ: 100)

അല്ലാഹുവിന്റെ തൃപ്തിക്ക് പ്രഥമഗണനീയർ ഇസ്ലാമിലേക്ക് മുൻകടന്നെത്തിയ മുഹാജിറുകളും അൻസ്വാറുകളും, ആ രണ്ടു കൂട്ടരേയും നന്മയിൽ പിന്തുടർന്ന താബിഉകളുമാണ് എന്ന വസ്തുത യാണ് ഈ സൂക്തം നമുക്ക് നൽകുന്ന സന്ദേശം. അവർക്കാണ് അല്ലാഹു അനുഗ്രഹങ്ങൾ നിറഞ്ഞ സ്വർഗഭവനം ഒരുക്കിവെച്ചിട്ടുള്ളത്. അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു എന്നതിന്റെ രേഖയാ ണത്. ശരിയായ ഈമാനിൽ മരണപ്പെടുന്നവരാണ് റബ്ബിന്റെ മഹത്തായ സ്വർഗത്തിന് അവകാശി കളെന്ന് അറിയാത്തവരായി ലോകത്ത് ആരെങ്കിലുമുണ്ടോ? പ്രവാചകന്റെ സ്വഹാബികൾ മുഴുവൻ യഥാർഥ വിശ്വാസികളായിരുന്നു എന്നത് ഖുർആനിന്റെ ഖണ്ഡിതമായ പ്രസ്താവനയാണ്. ആ പ്രസ്താവനക്കെതിരിലാണ് സ്വഹാബത്തിന്റെ ആക്ഷേപകർ നിലകൊള്ളുന്നത്. അല്ലാഹുവിന്റെ തൃപ്തി സിദ്ധിച്ച, ശാശ്വതമായ സ്വർഗപ്രാപ്തി ലഭിച്ച, അതുവഴി അനശ്വരമായ വിജയം കൈവരിച്ച സ്വഹാബികളെ ആക്ഷേപിക്കുന്ന ശീഈ റാഫിദികൾ ഏതു ഖുർആനിലാകും വിശ്വസിക്കുന്നു ണ്ടാവുക?! അല്ലാഹു പറഞ്ഞു:

﴿لَكنِ الرسولُ والذين آمنوا معه جاهدوا بِأموالهم وأَنفُسِهم وأُولَئك لَهم الْخيرات وأُولَئك هم الْمفْلحونَ * أعد الله لَهم جنات تجرِي من تحتها الْأنهار خالدين فيها ذَلك الْفَوز الْعظيم﴾ (التوبة: 88-89)

പക്ഷെ, റസൂലും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും തങ്ങളുടെ സ്വത്തുക്കൾ കൊണ്ടും ശരീര ങ്ങൾ കൊണ്ടും സമരം ചെയ്തു. അവർക്കാണ് നൻമകളുള്ളത്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ ഒരുക്കിവെ ച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം. (തൗബ: 88, 89)

പ്രവാചകന്നും കൂടെയുണ്ടായിരുന്ന വിശ്വാസീ സമൂഹത്തിന്നും അല്ലാഹു തആല ജന്നത്തുൽ ഫിർദൗസിലൊരുക്കിയ മഹനീയമായ നന്മകളേയും, ഉയർന്ന പദവികളേയും വിവരിക്കുകയാണ് ഈ സൂക്തത്തിൽ. നബി തിരുമേനി(സ്വ)യുടെ വിയോഗാനന്തരം വിശുദ്ധ ഇസ്ലാമിനെ വലിച്ചെറിഞ്ഞ് തിരിഞ്ഞുനടക്കുന്നവരാണ് ഈ ജനത എന്ന് അല്ലാഹുവിന് അറിവുണ്ടായിരുന്നു വെങ്കിൽ അവർക്കുവേണ്ടിയുള്ള ആദരണീയമായ വാഗ്ദാനങ്ങളുടെ സാംഗത്യമെന്താണ്? പടച്ചവന്റെ അനുഗ്രഹത്തിന് പാത്രീഭൂതരായ ഈ സംഘം മൂന്നോ നാലോ ഏറിയാൽ പത്തോ വ്യക്തികൾ മാത്രമായിരുന്നു എന്ന ആരോപണത്തിൽ എത്രമാത്രം കഴമ്പുണ്ട്? സത്യത്തിൽ, ആളിലും അർഥത്തിലും അതിശക്തരായ റോമൻ പടയാളികൾക്കു മുന്നിൽ പോലും രണശൂരം

നിലകൊണ്ട വൻ സൈനിക സംഘം തന്നെയായിരുന്നു പ്രവാചകന്റെ സ്വഹാബികൾ. പ്രതിയോഗികളുടെ ജൽപനങ്ങൾ വെറും പാഴ്‌വാക്കുകൾ മാത്രമാണ്.

അല്ലാഹു പറഞ്ഞു:

﴿أجعلْتم سقَايةَ الْحاج وعمارةَ الْمسجِد الْحرامِ كَمن آمن بِالله والْيومِ الْآخرِ وجاهد في سبِيلِ الله لَا يستوونَ عنـد الله والله لَا يهدي الْقَوم الظالمين * الذين آمنوا وهاجروا وجاهدوا في سبِيلِ الله بِأَموالهم وأَنفُسِهم أَعظَم درجةً عند الله وأُولَئك هم الْفَائزونَ * يبشرهم ربهم بِرحمة منه ورِضوان وجنات لَهم فيها نعيم مقيم * خالدين فيها أَبدا إِن الله عنده أَجر عظيم﴾ (التوبة: 19-22)

തീർത്ഥാടകന്ന് കുടിക്കാൻ കൊടുക്കുന്നതും, മസ്ജിദുൽ ഹറാം പരിപാലിക്കുന്നതും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരുടെ പ്രവർത്തനത്തിന് തുല്യമായി നിങ്ങൾ കണക്കാക്കിയിരിക്കയാണോ? അവർ അല്ലാഹുവിങ്കൽ ഒരുപോലെയാവുകയില്ല. അല്ലാഹു അക്രമികളായ ആളുകളെ സൻമാർഗത്തിലാക്കുന്നതല്ല. വിശ്വസിക്കുകയും സ്വദേശം വെടിയുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവർ അല്ലാഹുവിങ്കൽ ഏറ്റവും മഹ ത്തായ പദവിയുള്ളവരാണ്. അവർ തന്നെയാണ് വിജയം പ്രാപിച്ചവർ. അവർക്ക് അവരുടെ രക്ഷിതാവ് അവന്റെ പക്കൽ നിന്നുള്ള കാരുണ്യത്തെയും പ്രീതിയെയും സ്വർഗത്തോപ്പുകളെയും പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവർക്ക് അവിടെ ശാശ്വതമായ സുഖാനുഭവമാണുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. തീർച്ചയായും അല്ലാഹുവിന്റെ അടുക്കലാണ് മഹത്തായ പ്രതിഫലമുള്ളത്. (തൗബ: 19-22)

വിശ്വസിക്കുകയും ഹിജ്‌റപോവുകയും സർവവും നൽകി ദൈവമാർഗത്തിൽ സമരം ചെയ്യുകയും ചെയ്ത പ്രവാചക സ്വഹാബത്തിന്ന് ജീവിത വിജയമുണ്ടെന്നും, അവർ അല്ലാഹുവിങ്കൽ മഹനീയമായ പദവികൾക്ക് അർഹരാണെന്നുമുള്ള കാര്യങ്ങൾ സുതരാം വ്യക്തമാകുന്ന സൂക്തമാണ് മേൽ വചനം. പടച്ച തമ്പുരാൻ അവന്റെ കാരുണ്യവും, പ്രീതിയും, സ്വർഗീയാനുഗ്രഹ ങ്ങളും അവർക്ക് കനിഞ്ഞു നൽകുമെന്നും ഈ വാക്യം ബോധ്യപ്പെടുത്തുന്നുണ്ട്.

ഇനി പറയുക; വർഷങ്ങൾ പിന്നിടുമ്പോൾ തന്റെ ദീനുപേക്ഷിച്ച് മതഭ്രഷ്ടരായിത്തീരുമെന്നും, കാഫിറുകളായി മരിക്കുമെന്നും അല്ലാഹുവിന്നറിയാവുന്ന ഒരു സമൂഹത്തിന് ഈ സന്തോഷവാർത്തകളും സാക്ഷ്യപത്രങ്ങളും അല്ലാഹു തന്നെ നൽകുമൊ?

മഹത്തുക്കളായ സ്വഹാബത്തിന്റെ മേൽ കുഫ്ർ ആരോപിക്കുന്നവർ, അവരെ ആദരിച്ചു കൊണ്ട് അവതരിപ്പിക്കപ്പെട്ട ഖുർആനിക സൂക്തങ്ങളെ, സത്യത്തിൽ വ്യാജമാക്കുകയല്ലെ ചെയ്യുന്നത്?

താൻ സ്വർഗം വാഗ്ദാനം ചെയ്ത ഒരു ജനതയുടെ അന്ത്യം ഏത് വിധത്തിലാകുമെന്ന് അല്ലാഹുവിന്ന് തന്നെ അറിയില്ല എന്ന ഗുരുതരമായ ആരോപണമല്ലെ, സ്വഹാബത്തിനെ കാഫിറുകളാക്കുക വഴി പ്രതികാരമനസ്കർ ചെയ്യുന്നത്? സുബ്ഹാനല്ലാഹ്! അവനെത്ര പരിശുദ്ധൻ!

അല്ലാഹു പറഞ്ഞു:

﴿محمد رسولُ الله والذين معه أَشداءُ علَى الْكُفارِ رحماءُ بينهم تراهم ركعا سجدا يبتغونَ فَضلًا من الله ورِضـوانا سيماهم في وجوههم من أَثَرِ السجود ذَلك مثَلُهم في التوراة ومثَلُهم في الْإِنجِيلِ كَزرعٍ أَخرج شطْأَه فَآزره فَاستغلَظَ فَاستوى علَى سوقه يعجِب الزراع ليغيظَ بِهم الْكُفار وعد الله الذين آمنوا وعملُوا الصالحات منهم مغفـرةً وأَجـرا عظيما﴾ (الفتح: 29)

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടി യാകുന്നു. അവരിൽ

നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. (ഫത്ഹ്: 29)

ഈ വചനം സ്വഹാബത്തിനെ സംബന്ധിച്ച ഉൽകൃഷ്ടമായ ചില പാഠങ്ങൾ നമുക്ക് നൽകുന്നുണ്ട്. അവർ ധാരാളം നമസ്കരിക്കുന്നവരാണ്. അക്കാര്യത്തിൽ അവർ അല്ലാഹുവിൽ ആത്മാർഥത കാണിക്കുന്നവരാണ്. പടച്ചതമ്പുരാനിൽ നിന്നുള്ള സമൃദ്ധമായ പ്രതിഫലം കൊതിക്കുന്നവരാണ്. തങ്ങളുടെ ഉദ്ദേശ്യശുദ്ധിയേയും സൽപ്രവൃത്തികളേയും സാരമായി ബാധിക്കുന്ന എല്ലാ കാര്യത്തിലും മൗനംപാലിക്കുന്നവരാണ് തുടങ്ങിയ മഹിതസ്വഭാവങ്ങളാണ് ഈ വചനത്തിലെ ഉള്ളടക്കം. ഇത്തരം സവിശേഷഗുണങ്ങൾ കൊണ്ട് അനുഗൃഹീതരായ സ്വഹാബികൾക്ക് അത് കൊണ്ടു തന്നെ, അല്ലാഹു തആല പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്യുന്നു. അല്ലാഹുവിന്റെ വാഗ്ദാനമാകട്ടെ സത്യസന്ധവും പുലരുന്നതുമാണ്. സ്വഹാബത്തിന്റെ ജീവിതവും മരണവും കളങ്കമറ്റ വിശ്വാസത്തിൽ തന്നെയായിരുന്നു എന്നതിനുള്ള സാക്ഷ്യപത്രമാണ് ഈ വിശുദ്ധ വചനം.

അല്ലാഹു പറഞ്ഞു:

﴿لَا يستوِي الْقَاعدونَ من الْمؤمِنِين غَير أُولي الضررِ والْمجاهدونَ في سبِيلِ الله بِأَموالهم وأَنفُسِـهِم فَضـلَ اللـه الْمجاهدين بِأَموالهم وأَنفُسِهِم علَى الْقَاعدين درجةً وكُلًا وعد الله الْحسنى وفَضلَ الله الْمجاهدين علَى الْقَاعـدين أَجرا عظيما﴾ (النساء: 95)

ന്യായമായ വിഷമമില്ലാതെ (യുദ്ധത്തിന് പോകാതെ) ഒഴിഞ്ഞിരിക്കുന്ന വിശ്വാസികളും, തങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരും തുല്യരാകുകയില്ല. തങ്ങളുടെ ധനം കൊണ്ടും ദേഹംകൊണ്ടും സമരം ചെയ്യുന്നവരെ ഒഴിഞ്ഞിരിക്കുന്നവരേക്കാൾ അല്ലാഹു പദവിയിൽ ഉയർത്തിയിരിക്കുന്നു. എല്ലാവർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ സമരത്തിൽ ഏർപെടുന്നവർക്ക് ഒഴിഞ്ഞിരിക്കുന്നവരേക്കാളും കൂടുതലായി അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്. (നിസാഅ്: 95)

സ്വന്തം ദേഹം കൊണ്ടും സമ്പത്തു കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിനിറങ്ങിയവർ, ന്യായമായ വിഷമങ്ങളില്ലാതെ മാറിയിരിക്കുന്നവരേക്കാൾ ശ്രേഷ്ഠരാണെന്നും, അവർ അല്ലാഹുവിന്റെ ഏറ്റവും നല്ല പ്രതിഫലത്തിന്, അഥവാ അനവധി അനുഗ്രഹങ്ങൾ നിറഞ്ഞു നിൽക്കുന്ന സ്വർഗത്തിന് അവകാശികളാണെന്നും കൃത്യമായി പ്രഖ്യാപിക്കുകയാണ് ഇവിടെ. അല്ലാഹുവിന്റെ പ്രഖ്യാപനം അലംഘനീയമാണ്. അത് നടപ്പിലാവുകതന്നെ ചെയ്യും. വസ്തുത ഇതായിരിക്കെ, പിന്നീട് മതഭ്രഷ്ടരാവുകയും, അവസാനം കാഫിറുകളായി മരണപ്പെടുകയും ചെയ്യുന്നവരാണ് എന്ന് മുമ്പേ തനിക്ക് അറിയാവുന്ന ആളുകൾക്ക് സ്വർഗവാഗ്ദാനം നൽകുന്നതിന് പടച്ചതമ്പുരാൻ മുതിരുമൊ? അസംഭവ്യമാണത്!

അല്ലാഹു പറഞ്ഞു:

﴿وما لَكُم أَلَّا تنفقُوا في سبِيلِ الله ولله ميراثُ السماوات والْأَرضِ لَا يستوِي منكُم من أَنفَق من قَبلِ الْفَـتحِ وقَاتـلَ أُولَئك أَعظَم درجةً من الذين أَنفَقُوا من بعد وقَاتلُوا وكُلًا وعد الله الْحسنى والله بِما تعملُونَ خبِير﴾ (الحديد: 10)

ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരാവകാശം അല്ലാഹുവിനുള്ളതായിരിക്കെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കാൻ നിങ്ങൾക്കെന്താണ് ന്യായം? നിങ്ങളുടെ കൂട്ടത്തിൽ നിന്നു (മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു. (ഹദീദ്: 10)

മക്കാ വിജയത്തിന് മുമ്പ് അല്ലാഹുവിന്റെ മാർഗത്തിൽ സമ്പത്ത് ചെലവഴിക്കുകയും, യുദ്ധത്തിന്നിറങ്ങുകയും ചെയ്തവർ, ശേഷമുള്ളവരേക്കാൾ പദവിയിൽ മുന്നിട്ടുനിൽക്കുന്നവ രാണെന്ന് പ്രസ്താവിച്ച ശേഷം, ഏറ്റവും നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുകയാണ് അല്ലാഹു. പ്രതിഫലത്തിന്റെ അളവിലും തോതിലും അവർക്കിടയിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാ മെങ്കിലും സ്വഹാബികൾ അനുഗൃഹീതർ തന്നെയാണ് എന്ന വസ്തുതയാണ് ഈ സൂക്തത്തിലൂടേയും തെളിയുന്നത്.

ഇവിടേയും നമുക്ക് ചോദിക്കാനുള്ളത് ഇതാണ്; കാലങ്ങൾക്കു ശേഷം സത്യനിഷേധികളായി മരിക്കാനിടയുള്ള ഒരു സമൂഹത്തെപ്പറ്റി പൂർണ്ണജ്ഞാനമുള്ള പടച്ച തമ്പുരാൻ, ആ സമൂഹത്തിനു തന്നെ ഏറ്റവും നല്ല പ്രതിഫലം വാഗ്ദാനം ചെയ്യുമെന്ന് കരുതാനാകുമോ?!

അഹ്ലുകിതാബിൽ നിന്ന് വിശ്വസിച്ചു വന്ന സ്വഹാബികളെ സംബന്ധിച്ച അല്ലാഹുവിന്റെ പ്രസ്താവന കാണുക:

﴿وإذَا سمعوا ما أُنزِلَ إِلَى الرسولِ ترى أعينهم تفيض من الدمعِ مما عرفُوا من الْحق يقُولُونَ ربنا آمنا فَاكْتبنـا مـع الشاهدين * وما لَنا لَا نؤمن بِالله وما جاءَنا من الْحق ونطْمع أَنْ يدخلَنا ربنا مع الْقَومِ الصالحين * فَأَثَابهم الله بِمـا قَالُوا جنات تجرِي من تحتها الْأَنهار خالدين فيها وذَلك جزاءُ الْمحسِنِين﴾ (المائدة: 83 – 85)

റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ. ഞങ്ങളുടെ രക്ഷിതാവ് സജ്ജനങ്ങളോടൊപ്പം ഞങ്ങളെ പ്രവേശിപ്പിക്കുവാൻ ഞങ്ങൾ മോഹിച്ച് കൊണ്ടിരിക്കെ, ഞങ്ങൾക്കെങ്ങനെ അല്ലാഹുവിലും ഞങ്ങൾക്ക് വന്നുകിട്ടിയ സത്യത്തിലും വിശ്വ സിക്കാതിരിക്കാൻ കഴിയും? അങ്ങനെ അവരീ പറഞ്ഞത് നിമിത്തം അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ പ്രതിഫലമായി നൽകി. അവരതിൽ നിത്യവാസികളായിരിക്കും. സദ്വൃത്തർക്കുള്ള പ്രതിഫലമത്രെ അത്. (മാഇദ: 83–85)

ഇവിടേയും നാം ചോദ്യം ആവർത്തിക്കുകയാണ്; പ്രവാചകന്റെ വിയോഗാനന്തരം ഇസ്ലാം കയ്യൊഴിക്കുകയും, സത്യനിഷേധികളായി മരിക്കുകയും ചെയ്യാനിടയുള്ള ഒരുപറ്റം ആളുകളെ പറ്റി മുന്നറിവുണ്ടായിരുന്നിട്ടും, അല്ലാഹു സുബ്ഹാനഹു വ തആല അവർ സജ്ജനങ്ങളാണെന്ന് പ്രഖ്യാപിക്കുകയും അവർക്ക് ശാശ്വതമായ സ്വർഗവാസമുണ്ടെന്ന് സന്തോഷവാർത്ത അറിയിക്കു കയും ചെയ്യുമൊ?! സ്വഹാബീ വിമർശകരാണ് മറുപടി കണ്ടെത്തേണ്ടത്.

ഖുർആനിൽ ഇനിയും എത്രയോ സ്ഥലങ്ങളിൽ, സച്ചരിതരായ സ്വഹാബത്തിന് പാരത്രികലോകത്ത് ലഭിക്കാനിരിക്കുന്ന സ്വർഗീയാനുഗ്രങ്ങളെക്കുറിച്ചുള്ള പ്രസ്താവനകൾ നിറഞ്ഞുകിടപ്പുണ്ട്. അവരെ ക്കുറിച്ചു പ്രസ്താവിക്കപ്പെട്ട രണ്ട് സൂക്തങ്ങൾ കൂടി കാണുക:

﴿وإِن من أَهلِ الْكتابِ لَمن يؤمن بِالله وما أُنزِلَ إِلَيكُم وما أُنزِلَ إِلَيهِم خاشعين لله لَا يشترونَ بِآيات الله ثَمنا قَليلًـا أُولَئك لَهم أَجرهم عند ربهِم إِن الله سرِيع الْحسابِ﴾ (آل عمران: 199)

തീർച്ചയായും വേദക്കാരിൽ ഒരു വിഭാഗമുണ്ട്. അല്ലാഹുവിലും, നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും, അവർക്ക് അവതരിപ്പിക്കപ്പെട്ട വേദത്തിലും അവർ വിശ്വസിക്കും. (അവർ) അല്ലാഹു വോട് താഴ്മയുള്ളവരായിരിക്കും. അല്ലാഹുവിന്റെ വചനങ്ങൾ വിറ്റ് അവർ തുച്ഛമായ വില വാങ്ങുകയില്ല. അവർക്കാകുന്നു തങ്ങളുടെ രക്ഷിതാവിങ്കൽ അവർ അർഹിക്കുന്ന പ്രതിഫലമുള്ളത്. തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു. (ആലു ഇംറാൻ: 199)

﴿الذين آتيناهم الْكتاب من قَبله هم بِه يؤمنونَ * وإِذَا يتلَى علَيهِم قَالُوا آمنا بِه إِنه الْحق من ربنا إِنا كُنا مـن قَبلـه مسلمين * أُولَئك يؤتونَ أَجرهم مرتينِ بِما صبروا ويدرءُونَ بِالْحسنة السيئَةَ ومما رزقْناهم ينفقُونَ﴾ (القصص: 52-54)

ഇതിന് മുമ്പ് നാം ആർക്ക് വേദഗ്രന്ഥം നൽകിയോ അവർ ഇതിൽ വിശ്വസിക്കുന്നു. ഇതവർക്ക് ഓതികേൾപിക്കപ്പെടുമ്പോൾ അവർ പറയും: ഞങ്ങൾ ഇതിൽ വിശ്വസിച്ചിരിക്കുന്നു. തീർച്ചയായും ഇത് ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു. ഇതിനു മുമ്പു തന്നെ തീർച്ചയായും ഞങ്ങൾ കീഴ്പെടുന്നവരായിരിക്കുന്നു. അത്തരക്കാർക്ക് അവർ ക്ഷമിച്ചതിന്റെ ഫലമായി അവരുടെ പ്രതിഫലം രണ്ടുമടങ്ങായി നൽക പ്പെടുന്നതാണ്. അവർ നൻമകൊണ്ട് തിൻമയെ തടുക്കുകയും, നാം അവർക്ക് നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യും. (ഖസ്വസ്:52–54)